51289 EA2 2616

23 JUN 2018

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - ഡോ.തോമസ് കുര്യാക്കോസ്, സീനിയർ കൺസൾട്ടന്റ് (Rtd), ഫയൽ ചെയ്ത O.A (EKM) നം.372/2018 മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 12.02.2018-ലെ വിധിന്യായത്തിലെ നിർദ്ദേശം അനുപാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ(സാധാ)നം.1900/2018/ആ.ക.വ തിരുവനന്തപുരം, തീയതി, 14.06.2018.

പരാമർശം:- 1) സ.ഉ (കൈ) നം.169/2017/ആകുവ തീയതി 28.11.2017.

2) ഡോ.തോമസ് കുര്യാക്കോസിന്റെ 15.12.2017-ലെ നിവേദനം. (Annexure A2).

3) ഡോ.തോമസ് കുര്യാക്കോസ് ഫയൽ ചെയ്ത O.A നം.372/2018-മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 12.02.2018 തീയതിയായ വിധിന്യായം.

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ ഗൈനക്കോളജി വിഭാഗത്തിൽ സീനിയർ കൺസൾട്ടന്റായിരുന്ന ഡോ.തോമസ് കുര്യാക്കോസ് 31.07.2017-ൽ സർവ്വീസിൽ നിന്നും വിരമിച്ചു. ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം 56 വയസ്സിൽ നിന്ന് 60 ആക്കി ഉയർത്തിയ പരാമർശം (1)-ലെ സർക്കാർ ഉത്തരവിന്റെ ഉദ്ദേശ ശുദ്ധി മാനിച്ച്, വെറും മൂന്നു മാസം മുമ്പ് മാത്രം റിട്ടയർ ചെയ്ത 56 വയസ്സുള്ള തനിക്കു നീതി കിട്ടണമെന്നും വളരെ മുമ്പേ തന്നെ കേന്ദ്ര ഗവൺമെന്റ് പെൻഷൻ പ്രായം 65 വയസ്സ് ആക്കിയിട്ടുള്ളതുകൊണ്ടും പെൻഷൻ പ്രായം ഉയർത്തിയ നടപടിക്രമം വർഷാരംഭം മുതലോ അതോ സാമ്പത്തിക വർഷത്തിന്റെ ആരംഭം മുതലോ എന്നുള്ള പൊതു നിലപാട് സ്വീകരിച്ച് തനിക്ക് സർവ്വീസിൽ തുടർന്ന് പോകാനുള്ള നിർദ്ദേശം ഉണ്ടാകണമെന്നും, ആയതിനുവേണ്ടി പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പരിഷ്കരിച്ച് ഇറക്കണമെന്നും പരാമർശം (2) പ്രകാരം ഡോ.തോമസ് കുര്യാക്കോസ് സർക്കാരിൽ നിവേദനം സമർപ്പിക്കുകയും, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ O.A നം.372/2018 ഫയൽ ചെയ്യുകയുമുണ്ടായി. പ്രസ്തുത O.A-യിന്മേലുള്ള ബഹു: കോടതിയുടെ 12.02.2018-ലെ വിധിന്യായത്തിൽ, പരാമർശം (2)-ലെ ഡോ.തോമസ് കുര്യാക്കോസിന്റെ നിവേദനം പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ കോടതി നിർദ്ദേശിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിരമിക്കൽ പ്രായം വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്. പെൻഷൻ പ്രായം വർദ്ധിപ്പിച്ച പരാമർശം (1)-ലെ സർക്കാർ ഉത്തരവ് മുൻകാല പ്രാബല്യം നൽകാതെയാണ് ഉത്തരവായിരിക്കുന്നത്. സമാനമായ ഏതൊരു ഉത്തരവിലും ഇത്തരത്തിൽ നഷ്ടം സംഭവിക്കുന്ന ധാരാളം ഉദ്യോഗസ്ഥർ

ഉണ്ടാകുമെന്നുള്ളതിനാൽ, ഇത്തരം വിഷയത്തിൽ ഒരു പുനർചിന്തനത്തിന്റെ ആവശ്യം ഉടലെടുക്കുന്നില്ല. ഉത്തരവ് തീയതിക്ക് മുൻപ് സർവ്വീസിൽ നിന്നും വിരമിച്ചവരുടെ ആവശ്യം കൂടി പരിഗണിക്കുന്നതിനായി വിരമിക്കൽ തീയതി ഭേദഗതി ചെയ്യുന്നത് നിരർത്ഥകമാണ്. ആയതിനാൽ ഇത്തരം വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

3. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3)-ലെ വിധിന്യായം ഇപ്രകാരം അനുപാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സരിത.ഡി,**

**ഡെപ്യൂട്ടി സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ, (ആരോഗ്യം), കോട്ടയം.
ഡോ. തോമസ് കുര്യാക്കോസ്, സീനിയർ കൺസൽട്ടന്റ്(റിട്ട), മഠത്തിലേത്ത്,
നടുവിലേ മുറിയിൽ, പാലാ.പി.ഒ, കോട്ടയം - 686 575.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ , ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം: ഇ.എ1-61289/18/ആ.വ.ഡ തീയതി 16.07.2018**
അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കുന്നു.

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**